(സി) കളക്ഷൻ കുറഞ്ഞതുകാരണം നിർത്തൽ ചെയ്ത ഷെഡ്യൂളുകൾ പുനഃരാരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

എരുമേലി ഡിപ്പോയിൽനിന്നും അടൂർ വഴി തിരുവനന്തപുരം സർവ്വീസ് പുനഃസ്ഥാപിക്കാൻ നടപടി

101 [2228] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലി ഡിപ്പോയിൽനിന്നും കഴിഞ്ഞകാലങ്ങളിൽ റാന്നി, പത്തനംതിട്ട, അടൂർ വഴി സർവ്വീസ് നടത്തിയിരുന്ന തിരുവനന്തപുരം സർവ്വീസ് പുനഃസ്ഥാപിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇളംകാട്ട്-തിരുവനന്തപുരം സൂപ്പർ ഫാസ്റ്റ് ബസ്സ് സർവ്വീസ് നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സർവ്വീസില്ലാത്തതുമൂലം കാഞ്ഞിരപ്പള്ളി മുതൽ എരുമേലി, റാന്നി തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾ തിരുവനന്തപുരത്തിനും മറ്റു സ്ഥലങ്ങളിലേക്കും പോകുന്നതിനും, തിരികെപ്പോകുന്നതിനും വളരെ ബുദ്ധിമുട്ടനുഭവിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ബസ്സ് സർവ്വീസ് പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) റാന്നിവഴി സർവ്വീസ് നടത്തിയിരുന്ന ഈരാറ്റുപേട്ട-തിരുനെൽവേലി ഇന്റർസ്റ്റേറ്റ് ഫാസ്റ്റ് പുനഃസ്ഥാപിക്കുമോ;

(എഫ്) ഈ ബസ്സിന്റെ ഇ.പി.കെ. എത്രയായിരുന്നു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ലാഭകരമല്ലാത്തതിനാൽ നിർത്തലാക്കപ്പെട്ട ഈ ഷെഡ്യൂൾ പുനഃസ്ഥാപിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(ബി) ലാഭകരമല്ലാത്ത കാരണത്താലാണ് ഈ സർവ്വീസ് നിർത്തലാക്കപ്പെട്ടത്.

(സി) ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് പത്തനംതിട്ടയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകൾ ലഭ്യമാണ്. അതിനാൽ യാത്രയ്ക്ക് ബുദ്ധിമുട്ട് അനുഭവപ്പെടാൻ സാധ്യതയില്ല.

(ഡി) ലാഭകരമല്ലാത്തതിനാൽ നിർത്തലാക്കപ്പെട്ട ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കുന്നത് കെ.എസ്.ആർ.ടി.സി.-യ്ക്ക് ഗുണകരമല്ല. അതിനാൽ തൽക്കാലം ഇത് പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1989-ലെ അന്തർ സംസ്ഥാന കരാറിൽ ഉൾപ്പെട്ട റൂട്ടാണ് ഈരാറ്റുപേട്ട-തിരുനെൽവേലി. പ്രസ്തുത കരാർ റദ്ദ് ചെയ്തതിനാൽ ഈ സർവ്വീസ് പുനഃസ്ഥാപിക്കാൻ കഴിയില്ല.

(എഫ്) ഇപ്പോൾ ലഭ്യമല്ല.

നെയ്യാറ്റിൻകര-പയ്യാമ്പലം സൂപ്പർഫാസ്റ്റ് ബസ് സർവ്വീസ് നിറുത്തലാക്കുവാനുണ്ടായ കാരണം

102 [2229] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ നിന്നും കണ്ണൂരിലെ പയ്യാമ്പലത്തേക്ക് വളരെക്കാലമായി നിലവിലുണ്ടായിരുന്ന നെയ്യാറ്റിൻകര-പയ്യാമ്പലം സൂപ്പർഫാസ്റ്റ് ബസ് സർവ്വീസ് എന്ന് മുതലാണ് നിറുത്തലാക്കിയത്;

(ബി) ഇതിന്റെ കാരണമെന്തെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഈ സർവ്വീസ് പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല. നെയ്യാറ്റിൻകര-പയ്യാമ്പലം സർവ്വീസ് ഇപ്പോൾ നെയ്യാറ്റിൻകര-കോഴിക്കോട് ആയി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കോഴിക്കോട്-പയ്യാമ്പലം സെക്ടറിലെ വരുമാനം തീരെ കുറവായതിനാലാണ് ഇപ്രകാരം പുനഃക്രമീകരണം വേണ്ടിവന്നത്.

ഡീസലിന്റെ വിലവർദ്ധനമൂലം കെ.എസ്.ആർ.ടി.സി.-യ്ക്ക് ഉണ്ടായ ബാദ്ധ്യത

103 [2230] ശ്രീ. എ. കെ. ബാലൻ:

" എം. വി. ഗോവിന്ദൻ മാസ്റ്റർ:

" സാജു പോൾ:

" കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീസലിന്റെ വില വർദ്ധനമൂലം കെ.എസ്.ആർ.ടി.സി.-യ്ക്ക് ഉണ്ടായ അധിക ബാദ്ധ്യത സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) മുൻവർഷം ഡീസൽ ചാർജ്ജ് വർദ്ധനമൂലം കെ.എസ്.ആർ.ടി.സി. ബസ്സ് ചാർജ്ജ് വർദ്ധിപ്പിച്ചപ്പോൾ പ്രതീക്ഷിച്ചതര അധിക വരുമാനം ലഭിച്ചിരുന്നോ എന്നറിയിക്കാമോ;

(സി) യാത്രക്കാരുടെ മേൽ അധിക ചാർജ് ചുമത്താതെ സർക്കാരിന് ലഭിക്കുന്ന അധിക വരുമാനത്തിൽനിന്നും കെ.എസ്.ആർ.ടി.സി.-യെ സഹായിക്കാൻ സർക്കാർ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly